
മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




## Folklore day Special

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE


LEAF - 23 AUGUST 2023

# ആകാശപ്പച്ച

## CONTENTS




എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


Cover photo: Shutterstock

# കർക്കടകം കഴിഞ്ഞ് ഓണം



ഓണക്കാലത്തിന്റെ ആവേശത്തിലാവും എല്ലാവരും. ഓണമെന്നത് പ്രകൃതിയോടിണങ്ങിയ ആഘോഷമാണല്ലോ. മഴ തിമർത്ത് പെയ്തിരുന്ന കർക്കടകമാസത്തിൽ വീടുകളിൽ ഒതുങ്ങിക്കൂടി കഴിഞ്ഞിരുന്ന കാലം നമുക്കുണ്ടായിരുന്നു. ആ സമയത്ത് അധികം ഭക്ഷ്യസാധനങ്ങളൊന്നുമുണ്ടാവില്ല, രോഗങ്ങളാണെങ്കിൽ അധികവും. അങ്ങനെ വറുതിക്കാലമായ കർക്കടകത്തിൽ അല്പഭക്ഷണം ശീലിക്കുന്നതുകൊണ്ട് ശരീരം കുറെ മാറ്റങ്ങൾക്ക് വിധേയമായിരുന്നു. അതുകൊണ്ടാണ് പിന്നീട് വരുന്ന ഓണക്കാലത്ത് നമുക്ക് മൂക്കുമുട്ടെ സദ്യയുണ്ട് പാട്ടും കളികളുമൊക്കെയായി ആഘോഷിക്കാൻ ആരോഗ്യകരമായ അവസ്ഥ ലഭ്യമായിരുന്നത്. കർക്കടകത്തിന്റെ പഞ്ഞമൊക്കെ പഴങ്കഥയായി. ചിങ്ങത്തിന്റെ ആഘോഷത്തിനാണെങ്കിൽ മാറ്റ് കൂടിവരുകയും ചെയ്യുന്നു. എല്ലാവർക്കും ഓണാശംസകൾ!

# Folklore എന്ന വാക്ക്

**1885** ഓഗസ്റ്റ് 15-ന് അന്തരിച്ച വില്യം ജെ. തോംസ് എന്ന ബ്രിട്ടീഷ് എഴുത്തുകാരനെ എല്ലാ വർഷവും ഓഗസ്റ്റ് 22-ന് നിരവധിയാളുകൾ ഓർമ്മിക്കാറുണ്ട്. അന്ന് അന്താരാഷ്ട്ര നാട്ടറിവുദിനമായതാണ് ഈ ഓർമപുതുക്കലിന്കാരണം. നാട്ടറിവിനെ സൂചിപ്പിക്കുന്ന Folklore എന്ന വാക്ക് നമുക്കെല്ലാവർക്കും പരിചിതമാണല്ലോ. വില്യം ജെ. തോംസ് ആണ് ആദ്യമായി ഈ വാക്ക് ഉപയോഗിച്ചത്. പഴയകാല അറിവുകളെക്കുറിച്ചുള്ള പഠനങ്ങൾക്ക് പ്രാധാന്യം കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഒരു മാസികയുടെ പത്രാധിപർക്ക് എഴുതിയ കത്തിലായിരുന്നു Folklore എന്ന വാക്ക് ഇടംപിടിച്ചത്. 1846 ഓഗസ്റ്റ് 22-നായിരുന്നു ചരിത്രത്തിൽ ഇടം നേടിയ ഈ കത്തെഴുതിയത്. ഫോക്‌ലോർ ദിനമായി ഓഗസ്റ്റ് 22 തിരഞ്ഞെടുത്തതിന് പിന്നിലെ കാരണവും വില്യം ജെ. തോംസിന്റെ കത്തുതന്നെ.

# വിചിത്രം ഈ അതിജീവനം

**കാ**ടൊരു അദ്ഭുതപ്രതിഭാസമാണ്. അവിടെ വസിക്കുന്ന വന്യജീവികളാവട്ടെ വൈചിത്ര്യത്തിന്റെ പര്യായവും. കൊടും കാട്ടിൽ പെരുമഴക്കാലത്തെ അതിജീവിക്കുന്ന അവയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? കനത്ത മഴയിൽ സ്വയംസുരക്ഷ നേടാനുള്ള സഹജവാസന എല്ലാ ജീവികൾക്കുമുണ്ട്. പല മൃഗങ്ങളും മഴയേൽക്കാതിരിക്കാൻ ഗുഹകളിലോ വിള്ളലുകളിലോ പാറകൾക്കിടയിലോ മഴത്തുള്ളികൾ നേരിട്ട് വീഴാത്ത ഇടതൂർന്ന സസ്യജാലങ്ങളിലോ അഭയം തേടും. എലികളെപ്പോലെയുള്ള ചില ചെറുജീവികൾ മണ്ണിൽ മാളങ്ങളുണ്ടാക്കി അതിനുള്ളിൽ വരണ്ട മണ്ണിന്റെ ചൂട് കിട്ടുന്ന സുരക്ഷിതമായ ഇടം കണ്ടെത്തും. പക്ഷികൾ മഴയിൽനിന്ന് മുട്ടകളെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കാൻ മരങ്ങളിലും ഉയർന്ന സ്ഥലങ്ങളിലും കൂടുകൾ നിർമിക്കും. ആ കൂടുകൾ നനവ് ഒഴിവാക്കി ചൂട് നിലനിർത്താനുതകുന്നതരത്തിൽ രൂപകല്പനചെയ്തവയായിരിക്കും. പക്ഷികൾക്കും മിക്ക മൃഗങ്ങൾക്കും ജലത്തെ പ്രതിരോധിക്കുന്ന തൂവലുകളോ രോമങ്ങളോ ഉണ്ട്. കനത്ത മഴയിൽപോലും നനവ് ബാധിക്കാതെ ശരീരം സൂക്ഷിക്കാൻ ഇത് സഹായകമാണ്. കാട്ടുജീവികളുടെ പാരിസ്ഥിതിക വെല്ലുവിളികളോടുള്ള ഈ അതിജീവനരീതികൾ തികച്ചും വിചിത്രവുമാണ്.



ശ്രീലേഖ കെ.പി., സീഡ് കോർഡിനേറ്റർ
എ.യു.എ.യു.പി. സ്കൂൾ നെല്ലിക്കുന്ന്
കാസർകോട്



# പണ്ടത്തെ സൂക്ഷിപ്പുവിദ്യകൾ

പണ്ട് ക്ഷാമകാലത്ത് ഉപയോഗിക്കുന്നതിനായി ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാൻ നിരവധി മാർഗങ്ങൾ സ്വീകരിച്ചിരുന്നു. കർക്കടകമാസം പഞ്ഞമാസം എന്നാണ് പണ്ടൊക്കെ അറിയപ്പെട്ടിരുന്നത്. കൊയ്ത്തും വേനലറുതിയും കഴിഞ്ഞ് വരുന്നതാണ് കർക്കടകം. ഈ മാസത്തിലെ ദാരിദ്ര്യമകറ്റാനായിരുന്നു ഭക്ഷ്യവിഭവങ്ങൾ സൂക്ഷിച്ചിരുന്നത്. നെല്ല് സൂക്ഷിക്കാൻ വലുതും ചെറുതുമായ പത്തായങ്ങൾ ഉപയോഗിച്ചിരുന്നു. സുലഭമായി കിട്ടുന്ന സമയത്ത് കപ്പ, ചക്ക എന്നിവയൊക്കെ ഉണക്കിയും നെല്ലിക്ക, ചെറുനാരങ്ങ എന്നിവ അച്ചാറിട്ടും സൂക്ഷിച്ചിരുന്നു. മത്സ്യങ്ങൾ ഉപ്പ് പുരട്ടി വെയിലിൽ ഉണക്കി സൂക്ഷിച്ചിരുന്നു. മാങ്ങ പഴുത്തതും പച്ചയും വേറെ വേറെ ഉപ്പിട്ട് ഭരണിയിലാക്കി സൂക്ഷിച്ചിരുന്നു. പഴുത്ത മാങ്ങ പായയിൽ ഉരച്ചെടുത്ത് ഉണക്കി മാങ്ങാതെരയുണ്ടാക്കിയും സൂക്ഷിച്ചിരുന്നു. മാങ്ങയണ്ടി വൃത്തിയാക്കി തുണിയിൽ കെട്ടി സൂക്ഷിച്ചു. ചക്കക്കുരു മണ്ണിൽ കുഴച്ചത് അടുക്കളമൂലയിൽ സൂക്ഷിച്ചിരുന്നു. വെള്ളരിക്ക നിലംതൊടാതെ മച്ചിൽ തൂക്കിയിട്ടിരുന്നു. വെള്ളരി വിത്തുകൾ ചാണകത്തിൽ മുക്കി മൺചുമരിൽ പതിപ്പിച്ചിരുന്നു. പാവയ്ക്ക, മാങ്ങ, ചക്ക എന്നിവ ഉപ്പും മുളകും ചേർത്ത് വറ്റലുകൾ ഉണ്ടാക്കിവെച്ചിരുന്നു.

മീനാക്ഷി സരീഷ്
അമൃത വിദ്യാലയം, കക്കാട്, കണ്ണൂർ



ചിറകുള്ള ചങ്ങാതിമാർ

# കാക്കക്കാര്യം

കാക്ക പ്രത്യേകതരത്തിൽ കരഞ്ഞാൽ വീട്ടിൽ വിരുന്നുകാർ വരുമെന്നൊരു വിശ്വാസം നമ്മുടെ നാട്ടിലുണ്ട്. മരിച്ചുപോയവരുടെ ആത്മാക്കളാണ് കാക്കകൾ എന്ന വിശ്വാസവും പല നാടുകളിലുമുണ്ട്. നമ്മുടെ നാട്ടിലും ചിലർ അങ്ങനെ വിശ്വസിക്കുന്നു. ഒരാൾ മരിച്ചുപോയാൽ അഞ്ചാംദിവസവും പതിനാറാംദിവസവും ഹൈന്ദവ ആചാരപ്രകാരം ചില പൂജാദികർമങ്ങൾ നടത്താറുണ്ട്. അങ്ങനെ മരണവുമായി ബന്ധപ്പെട്ട ബലിതർപ്പണം നടത്തുമ്പോൾ ചോറ് കുഴച്ച് ചെറിയ ഉരുളകളാക്കി വാഴയിലയിൽ വയ്ക്കാറുണ്ട്. ആ സമയത്ത് ബലി ഇടുന്നയാൾ കൈയുയർത്തി കൊട്ടി കാക്കകളെ വിളിക്കുന്ന ചടങ്ങുണ്ട്. കാക്കകൾ വന്ന് ചോറ് കൊത്തിയെടുക്കുമ്പോൾ മരിച്ച ആളുടെ ആത്മാവ് സംതൃപ്തിയോടുകൂടി അത് സ്വീകരിക്കുന്നതായിട്ടാണ് വിശ്വസിക്കുന്നത്.

വൈഗാ ലക്ഷ്മി
ജി.എച്ച്.എസ്. വാളവയൽ
വയനാട്




ഈ ഫോട്ടോ കാണാം

# മഴയെത്തും നേരത്ത്...

**സ്ഥലം:**
**നാഷണൽ എച്ച്.എസ്.**
**വട്ടോളി, വടകര**

അർജുൻ ചന്ദ്രൻ
നാഷണൽ എച്ച്.എസ്.എസ്. വട്ടോളി

# താളും തകരയും



**പ**ത്തരമാറ്റുള്ള കർക്കടക പത്തിലകളിൽ പ്രധാനികളാണ് താളും തകരയും. കുപ്പയിലെ മാണിക്യങ്ങളാണിവർ. ശരീരബലം കുറയുന്ന പെരുമഴക്കാലങ്ങളിൽ രോഗപ്രതിരോധശേഷി കൂട്ടാൻ പണ്ടുകാലത്ത് ഇവരേ ഉണ്ടായിരുന്നുള്ളൂ. അതെ, പഞ്ഞമാസത്തെ മറികടക്കാൻ താളും തകരയും മാത്രമുള്ള കാലം കേരളത്തിന് ഉണ്ടായിരുന്നു. 'താളും തകരേം മുമ്മാസം' എന്ന ചൊല്ല് ഇതാണ് പറയുന്നത്. എന്നാൽ പൊങ്ങച്ചത്തിന്റെ ഇന്നത്തെക്കാലത്ത് വിഷംതീണ്ടാത്ത, കാൽസ്യവും പൊട്ടാസ്യവും ഇരുമ്പും ഫോസ്ഫറസും ധാരാളമടങ്ങിയിരിക്കുന്ന ഇവരെ നമ്മൾ അകറ്റിനിർത്തിയിരിക്കുന്നു.

ഡോളി രാജൻ കെ.
കാടാങ്കുനി യു.പി. സ്കൂൾ, അണിയാരം
കണ്ണൂർ

സിനിമാപാട്ടിലെ പ്രകൃതി

# ആവണി പെറ്റ മക്കൾ




*കാറ്റും പോയ് മഴക്കാറും പോയ്*
*കർക്കടകം പുറകേ പോയ്.*
*ആവണി തുമ്പിയും അവൾ പെറ്റ മക്കളും*
*വാ വാ വാ...*

കാർഷികസംസ്കാരം നിലനിൽക്കുന്ന കേരളത്തിൽ അന്നും ഇന്നും കർക്കടം ഒരു പേടിസ്വപ്നംതന്നെയാണ്. കർക്കടമാസ പ്രത്യേകതയായ കാറ്റും കാർമേഘങ്ങളും പോയ് കഴിഞ്ഞിരിക്കുന്നു, ചിങ്ങമാസത്തിന് വഴിമാറിയിരിക്കുന്നു. കർക്കടകത്തിന്റെ ആധിയും ഭീതിയും ഒഴിഞ്ഞ മനസ്സുകളിലേക്ക്, പ്രകൃതിയിലേക്ക് സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ചിങ്ങത്തുമ്പികൾ പറന്നുവരുകയാണ്. അവയെ സ്നേഹപൂർവം സ്വാഗതംചെയ്യുകയാണ് ഈ വരികളിലൂടെ.

**സിനിമ: വാഴ്വേമായം**
**രചന: വയലാർ രാമവർമ്മ**
**സംഗീതം: ജി. ദേവരാജൻ**
**ഗായിക: പി. മാധുരി**

ശ്രേയ കെ.പി.
ശ്രീകൃഷ്ണ സ്കൂൾ, ആനന്ദപുരം
തൃശ്ശൂർ

ഇത് അതിശയം തന്നെ



# കൊതുക് ഒരു ഭീകരജീവി!

**ലോ**കത്ത് ഏറ്റവും കൂടുതൽ മനുഷ്യരെ വധിച്ച ജീവി ആനയോ പുലിയോ പാമ്പോ അല്ല. രണ്ട് മില്ലിഗ്രാം മാത്രം ഭാരമുള്ള കൊതുകുകളാണ്. ഓരോ വർഷവും 20 ലക്ഷത്തോളംപേർ മലേറിയമൂലം മരണപ്പെടുന്നു. ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, യെല്ലോ ഫീവർ ഇതെല്ലാം കൊതുകിന്റെ സംഭാവനകളാണ്. ലോകത്ത് മൂവായിരത്തിൽപരം കൊതുക് വർഗങ്ങളുണ്ട്. അവയിൽ ചിലത് മാത്രമേ മനുഷ്യർക്ക് അപകടകാരികളായിട്ടുള്ളൂ. കൊതുകിന്റെ മൂളിപ്പാട്ട് പ്രസിദ്ധമാണല്ലോ? യഥാർഥത്തിൽ അവയുടെ ചിറകടിശബ്ദമാണ് മൂളിപ്പാട്ടായി കേൾക്കുന്നത്. നാം ശ്വസനത്തിലൂടെ പുറത്തുവിടുന്ന കാർബൺ ഡയോക്സൈഡിന്റെ സാന്നിധ്യം തിരിച്ചറിയാൻ കൊതുകുകൾക്ക് അപാരമായ കഴിവുണ്ട്. 75 അടി അകലെനിന്നുവരെ കാർബൺ ഡയോക്സൈഡിന്റെ സാന്നിധ്യം അറിയാൻ കഴിയുന്നതിനാൽ ഏത് ഇരുട്ടിലും ഇരയെ തേടിയെത്താൻ ഇവയ്ക്ക് സാധിക്കുന്നു. 'O' ഗ്രൂപ്പ് രക്തമുള്ളവരോട് കൊതുകുകൾക്ക് പ്രത്യേക താത്പര്യമാണ്, അവർക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ കടി കിട്ടുമെന്നർഥം. സ്വന്തം ശരീരഭാരത്തെക്കാൾ മൂന്നുമടങ്ങ് രക്തം അകത്താക്കാൻ പെൺകൊതുകുകൾക്ക് സാധിക്കും. രണ്ടുമുതൽ മൂന്നുവരെ മാസമാണ് പെൺകൊതുകുകളുടെ ആയുസ്സ്. എന്നാൽ ആൺകൊതുകുകളുടെ ആയുസ്സ് 20 ദിവസംവരെ മാത്രം.

ഹാനി നഷ്വാൻ
ആലങ്ങാട് ജമാഅത് പബ്ലിക് സ്കൂൾ.
എറണാകുളം

തെറ്റ് ശരി



# തവള കരഞ്ഞാൽ മഴ വരുമോ?


തവള കരഞ്ഞാൽ മഴ പെയ്യുമെന്നൊരു ചൊല്ലുണ്ട്. എന്നാൽ ആ പറച്ചിലിന് ശാസ്ത്രീയമായ ഒരു അടിത്തറ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മിക്കപ്പോഴും മഴ പെയ്തതിനു ശേഷമാണ് തവളകൾ കരയുന്നത്. മിക്ക ജാതിയിൽപ്പെട്ട തവളകളും മുട്ടയിടുന്നത് വെള്ളത്തിലാണ്. മഴക്കാലം ആരംഭിക്കുമ്പോൾ ആൺതവളകൾ അവയുടെ ഇണകളെ ആകർഷിക്കാനാണ് ഇങ്ങനെ കരയുന്നത്. തവളയുടെ വായുടെ അടിത്തട്ടിലുള്ള വായുസഞ്ചികൾ ബലൂൺപോലെ വീർത്ത് അത് ഒരു ശബ്ദവർധിനിപോലെ പ്രവർത്തിക്കുന്നത് കാരണം ഒച്ച വളരെ കൂടുകയും ചെയ്യുന്നു. എന്തായാലും മഴയും തവളയും തമ്മിൽ നല്ല ബന്ധമാണ് കേട്ടോ.

നന്ദന എ. നായർ
കെ.എം.ജി.വി.എച്ച്.എസ്. ഇലിപ്പകുളം
ആലപ്പുഴ



# ചൈനീസ് രാശിചക്രത്തിന്റെ കഥ

**ചൈ**നീസ് രാശിചക്രത്തിലേക്ക് മൃഗങ്ങൾ എങ്ങനെ വന്നു എന്നതിന്റെ ഒരു കഥ കേട്ടോളൂ. ചൈനീസ് രാശി ചക്രത്തിലെ പന്ത്രണ്ട് സ്ഥലങ്ങൾക്കായി എല്ലാ മൃഗങ്ങൾ ക്കുമായി ജേഡ് ചക്രവർത്തി ഒരു ഓട്ടമത്സരം പ്രഖ്യാ പിച്ചു. എലി തന്റെ അയൽക്കാരനായ പൂച്ച യെ രാവിലെ ഉണർത്തേ ണ്ടതായിരുന്നു, പക്ഷേ, അവൻ അത് ചെയ്തില്ല. കൊട്ടാരത്തിലേക്കുള്ള ഓട്ടത്തിൽ എലി മറ്റ് മൃഗ ങ്ങൾക്കൊപ്പം ചേർന്നു. എന്നിട്ട് മുന്നിൽ ഓടുന്ന കാളയുടെ മുകളിൽ കയറുന്നു. കാള കൊ ട്ടാരത്തിലെത്തിയപ്പോൾ പുറത്തിരുന്ന എലി ഒറ്റച്ചാട്ടം. അങ്ങനെ മത്സരത്തിൽ വിജ യിച്ച എലി രാശിചക്രത്തിലെ ആദ്യത്തെ മൃഗമായി. കാള, കടുവ, മുയൽ, മഹാസർപ്പം, പാമ്പ്, കുതിര, ആട്, കുരങ്ങ്, പൂവൻകോഴി, പട്ടി, പന്നി എന്നിവ പിന്നാലെയെത്തി. എന്താ യാലും വളരെ വൈകി പൂച്ചയും എത്തിയെങ്കിലും അവന് അവസരം നഷ്ടമായി. അതുകൊണ്ടാണ് പൂച്ച എലിയെ വളരെയധികം വെറുക്കുന്നതത്രേ!




അഫ്രിൻ ഫാത്തിമ ജിയാസ്
മുസ്‌ലിം എച്ച്.എസ്.എസ്.
കങ്ങഴ, കോട്ടയം

# ഔഷധപ്പൂവ്

ഇത് ഒരു ഔഷധസസ്യത്തിന്റെ പൂവാണ്. ചെടിയുടെ അതേ മണം പൂവിനുമുണ്ട്. ചെടി ഏതാണെന്നല്ലേ? പണ്ടുകാലത്ത് എല്ലാ മലയാളികളുടെ വീട്ടിലും ഉണ്ടായിരുന്ന ഒരു ഔഷധസസ്യമാണ് പനിക്കൂർക്ക. അനവധി ശാഖകളായി പൊട്ടിക്കിളിർക്കുന്ന പനിക്കൂർക്കയുടെ ശാഖകളുടെ അറ്റത്ത് പൂക്കൾ കുലകളായി കാണപ്പെടുന്നു. ചെറിയ പൂക്കൾക്ക് പർപ്പിൾ നിറമായിരിക്കും. പേരുപോലെതന്നെ കുട്ടികൾക്ക് പനിക്കും കഫക്കെട്ടിനും വയറുവേദനയ്ക്കും ഒക്കെയുള്ള ഒറ്റമൂലിയാണിത്. പഞ്ഞിക്കൂർക്ക, നവര, കർപ്പൂരവല്ലി എന്നീ പേരുകളിലും പനിക്കൂർക്ക അറിയപ്പെടുന്നു. തറയിൽനിന്ന് അധികം ഉയരത്തിലല്ലാതെ താഴ്ന്ന് വളരുന്ന ഔഷധസസ്യമാണിത്. കോളിയസ് അരോമാറ്റിക്കസ് എന്നാണ് ശാസ്ത്രീയനാമം. ഇതിന്റെ ഇല ചൂടാക്കി ഞെക്കിപ്പിഴിഞ്ഞെടുത്താണ് കുട്ടികൾക്ക് ഔഷധമായി കൊടുക്കാറുള്ളത്. പനിക്കൂർക്കയുടെ ഇലയും തണ്ടുമാണ് ഔഷധമായി ഉപയോഗിക്കുന്നത്. കാർവക്രോൾ എന്ന രാസവസ്തുവുള്ള ബാഷ്പശീലതൈലമാണ് ഇതിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്.



എം.ജി. ഭവാനി
ജി.എച്ച്.എസ്.എസ്. ചവറ
കൊല്ലം




# തലോടൽ

**നീ** മലകളാൽ മറഞ്ഞിരുന്നാലും
അതിനെ മറികടന്ന്
നിന്റെ ഭംഗി കാണാൻ ഞാൻ എത്തും.
പച്ച പുതച്ച് നെൽപ്പാടങ്ങൾ
ഉറങ്ങുമ്പോഴും
കളകളം പാടി
കലപിലകൂട്ടും അരുവികൾ
വാനോളം നിൽക്കുന്ന മലകൾ പിന്നിട്ട്
ഞാനെത്തും നിൻ അരികിൽ
കടലിലെ തിരമാലകൾ പോലെ.
നിന്റെ ഹൃദയ ഭംഗി
എൻ ഹൃദയത്തിൽ തലോടും.

ഐശ്വര്യ എസ്.ആർ.
ഗവ. കോട്ടൺ ഹിൽ സ്കൂൾ
തിരുവനന്തപുരം

വർണച്ചിറക് | കഥ



# കരിങ്ങാലിപ്പുഞ്ചയും പാട്ടുകളവും

ഓരോ മധ്യവേനലവധിക്കാലത്തും ഞാനും ചേട്ടനും അച്ഛന്റെ ചേരിക്കൽ എന്ന ഗ്രാമത്തിൽ പോകാറുണ്ടായിരുന്നു. കരിങ്ങാലിപ്പാടത്തിന്റെ ഒരറ്റത്തായി കേശവൻ എന്ന അപ്പൂപ്പൻ താമസിച്ചിരുന്നു. കൃഷിക്കാരനായിരുന്ന അദ്ദേഹത്തിന് ചുറ്റും നിലാവുള്ള രാത്രികളിൽ ഞങ്ങൾ കുട്ടികൾ കഥ കേൾക്കാൻ ഒത്തുകൂടുമായിരുന്നു. പാട്ടുകളത്തിൽനിന്നുള്ള ശബ്ദം ഉയർന്നാൽ മൂന്നു നാൾ ഉത്സവം. അടയ്ക്കാമരം ചെത്തിയൊരുക്കി, നാലുകാലിൽ മണിപ്പന്തലുയർത്തി ഓല മേഞ്ഞ് വെള്ളമുണ്ട് വിരിച്ചാൽ പാട്ടുകളം തയ്യാർ. ഏഴ് കെട്ട് പച്ചില, വെറ്റില, അടക്ക, കുരുത്തോല, വിളക്ക്, ചങ്ങഴി, തുണി, നിറനാഴി എന്നിവ പന്തലിലെ ചമയങ്ങളാണ്. കളം ഒരുങ്ങിയാൽ കൊടുങ്ങല്ലൂരിലെ ഭദ്രകാളിപ്പാട്ട് തുടങ്ങും. പിന്നെ വാണിയക്കോലവും പതിയാക്കോലവും ചുവടുവയ്ക്കും. അതിനുശേഷം കാക്കാരിശ്ശിനാടകം. കള്ളുചെത്തുകാരൻ, പോലീസ്, പതിയാനും പതിച്ചിയും ചന്തയിൽനിന്ന് പോത്ത് വാങ്ങി വരുന്ന ഹാസ്യകലാരൂപങ്ങൾ അങ്ങനെ പല കഥാപാത്രങ്ങളും അരങ്ങേറും. മൺമറഞ്ഞുപോയ ആ കലാരൂപത്തെ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് ചേരിക്കലെ നാട്ടുകൂട്ടം. ഗ്രാമത്തിലെ നിഷ്കളങ്കമായ ആളുകളുടെ കഥകളും പാട്ടുകളവും ആചാരങ്ങളും ഉൾപ്പെടെ ധാരാളം അനുഭവകഥകൾ ഞങ്ങളുടെ മനസ്സിൽ അദ്ദേഹം നിറച്ചു. അടുത്ത അവധിക്കാലത്ത് വീണ്ടും ചേരാമെന്ന ശുഭാപ്തിവിശ്വാസത്തോടെ ഞങ്ങൾ കൂട്ടുകാർ വീടുകളിലേക്ക് മടങ്ങി.

ഭഗത് ലാൽ
ജി.യു.പി.എസ്. മങ്ങാരം
പത്തനംതിട്ട

മാതൃഭൂമി
# ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം
വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

**കടൽ വലുതാവുമ്പോൾ ചെറിയ മീനുകൾക്ക് ഇടമില്ലാതാവും**

Published by Mathrubhumi Seed